2025
DECEMBER
27
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## രാജ്യത്തെ പ്രധാന നഗരങ്ങളിലെ ട്രെയിൻ ഗതാഗത ശേഷി

# അഞ്ചു വർഷത്തിനകം ഇരട്ടിയാക്കും; പദ്ധതിയുമായി റെയിൽവേ

**ന്യൂഡൽഹി:** യാത്രാ ആവശ്യകതയിലുണ്ടായ അതിവേഗ, സുസ്ഥിര വളർച്ചയുടെ പശ്ചാത്തലത്തിൽ രാജ്യത്തെ പ്രധാന നഗരങ്ങളിലെ ട്രെയിൻ ഗതാഗതശേഷി അടുത്ത അഞ്ചു വർഷം ഇരട്ടിയാക്കാനുള്ള പദ്ധതിയുമായി റെയിൽവേ. കൊച്ചി ഉൾപ്പെടെ 48 പ്രധാന നഗരങ്ങളുടെ സമഗ്ര പദ്ധതി പരിഗണനയിലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നിലവിലെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കേണ്ടതും അനിവാര്യമാണ്. പുതിയ ട്രെയിനുകൾ ആരംഭിക്കാനുള്ള ശേഷി 2030ഓടെ ഇരട്ടിയാക്കുന്നതിനായി നിലവിലെ ടെർമിനലുകളിൽ കൂടുതൽ പ്ലാറ്റ്ഫോമുകളും ട്രെയിൻ നിർത്തിയിടാനുള്ള പാതകളും അറ്റകുറ്റപണികൾ ചെയ്യാനുള്ള പാതകളും ബോഗികൾ ക്രമീകരിക്കാൻ മതിയായ സൗകര്യങ്ങളും വർധിപ്പിക്കണം. നഗരപ്രദേശങ്ങളിലും പരിസരങ്ങളിലും പുതിയ ടെർമിനലുകൾ കണ്ടെത്തുകയും നിർമിക്കുകയും ബൃഹത്തായ കോച്ചിങ് സമുച്ചയങ്ങളടക്കം ട്രെയിനുകളുടെ പരിപാലന സൗകര്യങ്ങൾ വർധിപ്പിക്കുകയും അനിവാര്യമാണ്.

ട്രാഫിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സിഗ്നലിങ് നവീകരണം, വിവിധ കേന്ദ്രങ്ങളിൽ കൂടുതൽ ട്രെയിനുകൾ കൈകാര്യം ചെയ്യാനാവശ്യമായ ബഹുപാതകൾ എന്നിവയിലൂടെ മേഖലാതല ശേഷി വികസനം സാധ്യമാക്കേണ്ടതുണ്ട്.ടെർമിനലുകളുടെ ശേഷി വർധിപ്പിക്കാൻ പദ്ധതിയിടുന്നതിനൊപ്പം ശേഷി തുല്യമായി വിഭജിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ ടെർമിനലുകൾക്ക് സമീപത്തെ സ്റ്റേഷനുകളെയും പരിഗണിക്കും. നഗരപ്രാന്ത പ്രദേശങ്ങളിലെയും ഇതര മേഖലകളിലെയും വ്യത്യസ്തമായ ആവശ്യകതകൾ കണക്കിലെടുത്ത് ഇരു മേഖലകൾക്കും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തും. കൊച്ചി ഉൾപ്പെടെ 48 പ്രധാന നഗരങ്ങളുടെ സമഗ്ര പദ്ധതി പരിഗണനയിലുണ്ട്. ശേഷി ഇരട്ടിയാക്കുന്ന പദ്ധതി 2030ലേക്കാണെങ്കിലും ശേഷി ക്രമാനുഗതമായി വർധിപ്പിക്കുകയാണ് ലക്ഷ്യം.

വർധിപ്പിച്ച സൗകര്യങ്ങളുടെ പ്രയോജനം ഉടനടി ലഭ്യമാക്കാൻ ഇത്



സഹായകരമാകും. വർഷങ്ങളായി നിലനിൽക്കുന്ന ഗതാഗത ആവശ്യകതകൾ ക്രമേണ നിറവേറ്റാൻ ഇത് സഹായിക്കും. പദ്ധതിയിലെ നടപടികളെ ഉടനടിയുള്ളവ, ഹ്രസ്വകാലത്തേക്കുള്ളവ, ദീർഘകാലത്തേക്കുള്ളവ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കും. നിർദ്ദിഷ്ട പദ്ധതികൾക്ക് കൃത്യമായ സമയപരിധിയും ഫലങ്ങളും ഉറപ്പാക്കും. ഈ പ്രവർത്തനങ്ങൾ പ്രത്യേക സ്റ്റേഷനുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും ട്രെയിൻ കൈകാര്യം ചെയ്യാനുള്ള ഡിവിഷനുകളുടെ ശേഷി വർധിപ്പിക്കാൻ റെയിൽവേയുടെ എല്ലാ മേഖലാ കേന്ദ്രങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ടെർമിനൽ ശേഷി വർധിപ്പിക്കുക മാത്രമല്ല, മേഖലാതല ശേഷി വർധനയും സ്റ്റേഷനുകളിലെയും യാർഡുകളിലെയും പ്രവർത്തനപരമായ തടസ്സങ്ങൾക്ക് ഫലപ്രദമായ പരിഹാരവും ഇതിലൂടെ ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

# സപ്ലൈകോയ്ക്ക് നാല് ദിവസത്തെ വിറ്റുവരവ് 37.82 കോടി രൂപ

**കൊച്ചി:** ക്രിസ്മസ് പുതുവത്സര സീസണിനോട് അനുബന്ധിച്ച് സപ്ലൈകോയിൽ വിൽപ്പന വർദ്ധിക്കുന്നു. ഡിസംബർ 22 മുതൽ 6.26 ലക്ഷത്തോളം പേരാണ് ക്രിസ്മസ് ഫെയറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോ വിൽപ്പനശാലകൾ സന്ദർശിച്ചത്. 37.82 കോടി രൂപയുടെ വിറ്റുവരവാണ് നാല് ദിവസത്തിനുള്ളിൽ സപ്ലൈകോക്ക് ലഭിച്ചത്.

ഡിസംബർ 25ന് അവധിയായിരുന്നു. പെട്രോൾ, റീട്ടെയിൽ ഉൾപ്പെടെയുള്ള സപ്ലൈകോ വിൽപ്പന ശാലകളിൽ നിന്നുള്ള വിറ്റുവരവാണിത്. ഇതിൽ 17.57 കോടി രൂപയാണ് സബ്സിഡി സാധനങ്ങളുടെ വിറ്റു വരവ്. ആറ് ജില്ലകളിലെ പ്രത്യേക ജില്ലാ ഫെയറുകളിൽ നിന്നും മാത്രമായി 40.4 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. ഇതിൽ 22.32 ലക്ഷം രൂപ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവിലാണ്. തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലെ ജില്ലാ ഫെയറിലാണ് ഏറ്റവും കൂടുതൽ വിൽപ്പന 15.25 ലക്ഷം രൂപ. എറണാകുളം മറൈൻ ഡ്രൈവ്, കൊല്ലം ആശ്രാമം മൈതാനം, കോട്ടയം തിരുനക്കര മൈതാനം, പത്തനംതിട്ട റോസ് മൗണ്ട് ഓഡിറ്റോറിയം, തൃശ്ശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് മറ്റു ജില്ലാ ഫെയറുകൾ. എല്ലാ താലൂക്കുകളിലും ഒരു പ്രധാന വിൽപ്പനശാല ക്രിസ്മസ് ഫെയർ ആയി പ്രവർത്തിക്കുന്നുണ്ട്.

# നിർമ്മിതബുദ്ധി പാഠ്യപദ്ധതികളുടെ അവിഭാജ്യ ഘടകമാക്കണം

**ന്യൂഡൽഹി:** നിർമ്മിതബുദ്ധി, സ്കൂൾകോളേജ് പാഠ്യപദ്ധതികളുടെ അവിഭാജ്യ ഘടകമായി മാറണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഗുരു ഗോവിന്ദ് സിംഗ് ഇന്ദ്രപ്രസ്ഥ സർവ്വകലാശാല, ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എഐസിടിഇ), ഔട്ട്ലുക്ക് മാഗസിൻ എന്നിവയുടെ സഹകരണത്തോടെ ന്യൂഡൽഹിയിലെ ഡോ. അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ സംഘടിപ്പിച്ച 'എഐ പരിണാമം - എഐ മഹാകുംഭ്' ദേശീയ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെറുപ്പത്തിൽ ത്തന്നെ എഐയുമായുള്ള പരിചയം വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്താശേഷിയും പ്രശ്നപരിഹാര ശേഷിയും വളർത്താൻ സഹായിക്കും. സാങ്കേതിക മാറ്റങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരന്തരം പരിഷ്കരിക്കപ്പെടണമെന്നും അവ മികവിന്റെയും നവീനാശയങ്ങളുടെയും കേന്ദ്രങ്ങളായി മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആധുനിക ശാസ്ത്രസാങ്കേതിക വികാസങ്ങളിൽ അമിതമായ ആശങ്കയുടെ ആവശ്യമില്ല. നിർമ്മിതബുദ്ധി എന്നത് കേവലം ഭാവിയിലെ സങ്കൽപ്പം മാത്രമല്ല, അത് വർത്തമാനകാല യാഥാർത്ഥ്യമാണ്.




ആരോഗ്യ സംരക്ഷണം, കാലാവസ്ഥ മാതൃകാ രൂപീകരണം, ഭരണ നിർവഹണം, വിദ്യാഭ്യാസം, ധനകാര്യം, ദേശീയ സുരക്ഷ തുടങ്ങി വിവിധ മേഖലകളെ നിർമ്മിത ബുദ്ധി സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിന്റെ വളർച്ചയെയും വ്യക്തികളുടെ ജീവിത രീതിയെയും എഐ മാറ്റിമറിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. തുടക്കത്തിൽ ശക്തമായ എതിർപ്പുകൾ നേരിട്ടെങ്കിലും പിന്നീട് ലോകത്തെ മാ



റ്റിമറിക്കാൻ കമ്പ്യൂട്ടറുകൾക്ക് സാധിച്ചു. ഓരോ സാങ്കേതിക മുന്നേറ്റത്തിനും ഗുണവും ദോഷവുമുണ്ടെന്നും, അത് അനുകൂലമായും ക്രിയാത്മകമായും ഉപയോഗപ്പെടുത്താനുള്ള ഉത്തരവാദിത്തം നമുക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിർമ്മിതബുദ്ധി രംഗത്ത് ലോകത്തെ മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ ഉയർന്നുവന്നിട്ടുണ്ട്.

ലോകം അതിവേഗം മാറുകയാണെന്നും ഈ മത്സരത്തിൽ പിന്നിലായിപ്പോകരുതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. വികസിത രാജ്യങ്ങളോടൊപ്പം എഐ മേഖലയിൽ മുന്നേറാൻ ഇന്ത്യ പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ 65 ശതമാനം ജനങ്ങളും 35 വയസ്സിന് താഴെയുള്ളവരാണ്. ഈ യുവശക്തിയെ ശരിയായി പ്രയോജനപ്പെടുത്തിയാൽ എഐ മേഖലയിൽ ലോകത്തെ നയിക്കാൻ ഇന്ത്യക്ക് സാധിക്കും. 'ആത്മനിർഭർ ഭാരതം', 'വികസിത് ഭാരത് @ 2047' എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ എഐക്ക് നിർണ്ണായക പങ്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശാസ്ത്രീയമായ ഏതൊരു മുന്നേറ്റവും മനുഷ്യരാശിക്ക് ദോഷകരമാകരുത്. സാങ്കേതിക വിദ്യ മനുഷ്യന്റെ സന്തോഷത്തിനും സമൃദ്ധിക്കും മാന്യമായ ജീവിതത്തിനും വേണ്ടിയായിരിക്കണം.

എഐ എന്നത് മനുഷ്യബുദ്ധിക്ക് പകരമല്ല, മറിച്ച് അതിനെ സഹായിക്കുന്ന ഒന്നായിരിക്കണമെന്നും സാമൂഹിക ക്ഷേമത്തിന് മുൻഗണന നൽകണമെന്നും അദ്ദേഹം പറഞ്ഞു.ഡൽഹി വിദ്യാഭ്യാസ മന്ത്രി ആശിഷ് സൂദ്, ഗുരു ഗോവിന്ദ് സിംഗ് ഇന്ദ്രപ്രസ്ഥ സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. മഹേഷ് വർമ്മ, എഐസിടിഇ പ്രതിനിധി പ്രൊഫ. ടി.ജി. സീതാരാമൻ, ഔട്ട്ലുക്ക് മാഗസിനിൽ നിന്നുള്ള ശ്രീ സന്ദീപ് ഘോഷ് എന്നിവരും ശാസ്ത്രജ്ഞർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# പുതുവത്സര ആഘോഷങ്ങൾക്ക് തുടക്കമായി



**കൊച്ചി:** ഇല്ലുമിനേറ്റിംഗ് ജോയ്, സ്പ്രെഡിങ് ഹാർമണി എന്ന പേരിൽ ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന പുതുവത്സര പരിപാടികൾക്ക് തുടക്കമായി. മറൈൻ ഡ്രൈവിൽ ലൈറ്റ് ഷോയുടെ സ്വിച്ച് ഓൺ കർമ്മം ജില്ലാ കളക്ടർ ജി പ്രിയങ്ക നിർവഹിച്ചു. പ്രകാശത്തിന്റെയും സൗഹൃദത്തിന്റെയും മഹാസംഗമമാണ് ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ലൈറ്റ് ഷോയെന്ന് ജില്ലാ കളക്ടർ പറഞ്ഞു. തുടർന്ന് ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിച്ചു വിതരണം ചെയ്യുകയും ചെയ്തു. ജില്ലാ ടൂറിസം ഡയറക്ടർ ജി ശ്രീകുമാർ, ടൂറിസം ഡിപ്പാർട്മെന്റ് ഇൻഫർമേഷൻ ഓഫീസർ പി എസ് ഗിരീഷ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് നിയമനം

**കൊച്ചി:** കാക്കനാട്, പി ഐ യു. പിഎംജിഎസ് വൈ. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക ഒഴിവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. അപേക്ഷകൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 10 ദിവസത്തിനുള്ളിൽ തപാൽ മുഖേനയോ, നേരിട്ടോ ലഭ്യമാക്കേണ്ടതാണ്. ലൈറ്റ് ഡ്യൂട്ടി ലൈസൻസ്, ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാവിണ്യം എന്നിവയാണ് യോഗ്യത. വിലാസം : എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഐ യു, പിഎംജിഎസ് വൈ, 3ാം നില , സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം, പിൻ -682 030
ഇ-മെയിൽ piuekm@gmail.com, ഫോൺ: 0484-2421751

## അർബുദ രോഗ പരിശോധനകൾ കുറഞ്ഞനിരക്കിൽ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പാതോളജി വിഭാഗത്തിൽ അർബുദ രോഗനിർണയവും അനുബന്ധ പരിശോധനകളും വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു. അർബുദ ചികിത്സാ രീതികൾ നിശ്ചയിക്കുന്നതിൽ നിർണ്ണായകമായ 'ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രി' (ഐ.എച്ച്സി ) പരിശോധനയാണ് പ്രധാനമായും കുറഞ്ഞ നിരക്കിൽ ചെയ്തുവരുന്നത്. പ്രതിവർഷം 1300 ഓളം പേർക്ക്നിലവിൽ ഈ സേവനം ലഭിക്കുന്നുണ്ട് . മൂന്നാഴ്ചത്തെ കാലയളവിനുള്ളിൽ പരിശോധനാ ഫലം ലഭ്യമാകും. മറ്റ് ആശുപത്രികളിൽ നിന്നോ സ്വകാര്യ ലാബുകളിൽ നിന്നോ ലഭിച്ച പരിശോധനാ ഫലങ്ങളിൽ വിദഗ്ധ അഭിപ്രായം തേടാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് . കൂടാതെ പാപ്പ്സ്മിയർ ടെസ്റ്റ്, എഫ്.എൻ.എ.സി, സി.ടി ഗൈഡഡ് എഫ്.എൻ.എ.സി തുടങ്ങിയ പരിശോധനകളും പാതോളജി വിഭാഗത്തിൽ നടക്കുന്നുണ്ട്. എല്ലാവർക്കും കുറഞ്ഞ നിരക്കിലും ബി.പി.എൽ വിഭാഗക്കാർക്ക് സൗജന്യമായും ഈ സേവനങ്ങൾ ലഭ്യമാണെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അറിയിച്ചു.

## കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിൽ ഫീൽഡ് റെസ്പോൺസ് ഓഫീസറുടെ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സോഷ്യൽ വർക്ക്/സോഷ്യോളജി/ സൈക്കോളജി ബിരുദം അല്ലെങ്കിൽ സോഷ്യൽ വർക്ക് / സൈക്കോളജി/ സോഷ്യോളജി എന്നിവയിൽ പി.ജി/ഡിപ്ലോമ എന്നിവയാണ് യോഗ്യത. പ്രവൃത്തി പരിചയം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ ഉള്ളവർക്ക് മുൻഗണന നൽകും. ഡ്രൈവിംഗ് ലൈസൻസ്, വിഷയങ്ങളിലെ വൈദഗ്ധ്യം എന്നിവ അഭികാമ്യം. സാമൂഹ്യ സേവന മേഖല/ മുതിർന്ന പൗരന്മാരുമായി ബന്ധപ്പെട്ടു സേവന പരിചയമുള്ളവർക്ക് മുൻഗണന. താൽപ്പര്യമുള്ളവർ ഡിസംബർ 30ന് ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

# ജില്ലയിലെ ബാങ്കുകളിൽ അവകാശികളില്ലാതെ 307.69 കോടി രൂപയുടെ നിക്ഷേപം

**കൊച്ചി:** ജില്ലയിലെ വിവിധ ബാങ്കുകളിൽ അവകാശികളില്ലാതെ 307.69 കോടി രൂപയുടെ നിക്ഷേപം. പത്തുവർഷത്തിലേറെയായി ഒരു ഇടപാടു പോലും നടക്കാത്ത അക്കൗണ്ടുകളാണ് അവകാശികളില്ലാത്ത അക്കൗണ്ടായി പരിഗണിക്കുന്നതെന്ന് ലീഡ് ബാങ്ക് മാനേജർ സി. അജിലേഷ് അറിയിച്ചു.അവകാശികളെ കണ്ടെത്തുന്നതിനായി റിസർവ്ബാങ്ക് ദേശീയതലത്തിൽ ആവിഷ്കരിച്ചിട്ടുള്ള 'നിങ്ങളുടെ പണം നിങ്ങളുടെ അവകാശം' പരിപാടിയുടെ ഭാഗമായി ഡിസംബർ 29ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും.

ഹൈക്കോടതിക്ക് സമീപം ഇൻഫന്റ് ജീസസ് പാരിഷ് ഹാളിൽ രാവിലെ 10 മുതലാണ് ക്യാമ്പ്. ജില്ലയിൽ അവകാശികളില്ലാത്ത 11.93 ലക്ഷം അക്കൗണ്ടുകൾ നിലവിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ്. രാജ്യവ്യാപകമായി 1.82 ലക്ഷം കോടി രൂപയും കേരളത്തിൽ 2133.72 കോടി രൂപയുമാണ് അവകാശികളില്ലാതെ ബാങ്ക് അക്കൗണ്ടുകളിലുള്ളത്. നിക്ഷേപകരുടെ മരണം, വിദേശവാസം തുടങ്ങിയ കാരണങ്ങളാൽ അക്കൗണ്ടുകളിൽ ഇടപാടുകൾ മുടങ്ങാറുണ്ട്. മരിച്ചവരുടെ അനന്തരാവകാശികൾക്കും അക്കൗണ്ടിനെ കുറിച്ച് അറിവുണ്ടാവില്ല. നിക്ഷേപത്തിന്റെ അവകാശികളാണെന്ന് തെളിയിക്കുന്ന രേഖകൾ 29 ന് സംഘടിപ്പിക്കുന്ന ക്യാമ്പിലെത്തുന്നവരുടെ കൈവശമുണ്ടാകണം.

ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ എല്ലാ ബാങ്കുകളുടെയും സഹകരണത്തോടെയാണ് ക്യാമ്പ്. ഇൻഷുറൻസ് കമ്പനികൾ, ഫിനാൻഷ്യൽ ലിറ്ററസി സെന്ററുകൾ എന്നിവയും ക്യാമ്പിന്റെ ഭാഗമാണ്. അവകാശികളാണെന്ന് ബോധ്യമായാൽ തുക തിരികെ ലഭിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ക്യാമ്പിൽ ലഭിക്കും. തുടർ നടപടികൾക്കായി എല്ലാ ബാങ്കുകളിലും സഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കും

# കൊച്ചി ഫ്ളവർ ഷോയ്ക്ക് തുടക്കമായി



**കൊച്ചി:** ജില്ലാ അഗ്രിഹോർട്ടിക്കൾച്ചർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 42ാമത് കൊച്ചിൻ ഫ്ളവർ ഷോയ്ക്കു മറൈൻ ഡ്രൈവ് മൈതാനത്ത് തുടക്കമായി. ജില്ലാ കളക്ടർ ജി. പ്രിയങ്കയും കൊച്ചി ഡിസിപി അശ്വതി ജിജിയും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. സൗത്ത് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പുഷ്പമേളയാണ് കൊച്ചിൻ ഫ്ളവർ ഷോ. 50000 ചതുരശ്രഅടി വിസ്തീർണത്തിലാണ് പ്രദർശനം ഒരുക്കുന്നത്.

അയ്യായിരത്തിലേറെ ഓർക്കിഡുകൾ, ആയിരത്തിൽ അധികം അഡീനിയം, മിനി ആന്തൂറിയം, റോസ് ചെടികൾ, ശീതോഷ്ണ കാലാവസ്ഥയിൽ മാത്രം വളരുന്ന ഓറിയന്റൽ ലില്ലി, കൂടാതെ മാരിഗോൾഡ്, ഡാലിയ, സീനിയ, ക്രിസാന്തിമം ഉൾപ്പടെയുള്ള നാൽപതിനായിരത്തോളം പൂച്ചെടികൾ, മൂൺ കാക്ടസ്, പലതരം ബ്രോമിലിയാഡ് ചെടികൾ എല്ലാം പ്രദർശനത്തിൽ ഉണ്ടാകും. വെജിറ്റബിൾ കാർവിങ്, പുഷ്പാലങ്കാരങ്ങൾ, അലങ്കാര കള്ളി ചെടികൾ കൊണ്ട് നവീന രീതിയിലുള്ള വെർട്ടിക്കൽ ഗാർഡൻ, മാതൃക പൂന്തോട്ടം, ടോപിയറി മരങ്ങൾ, നൂതന മാതൃകയിലുള്ള ബോൺസായ് ചെടികൾ, അലങ്കാരകുളം, വെള്ളച്ചാട്ടം, അലങ്കാര മത്സ്യങ്ങളുള്ള അരുവി എന്നിവയും പ്രദർശനത്തിന്റെ ഭാഗമാകും.

ഉദ്യാനച്ചെടികളുടെ വിപണനത്തിനായി ബാംഗ്ലൂരിൽ നിന്നുമുള്ള ഇൻഡോ അമേരിക്കൻ നഴ്സറി ഉൾപ്പടെ നഴ്സറികളുടെ നീണ്ട നിര തന്നെയുണ്ട്. സന്ദർശകരുടെ ഉദ്യാന സംബന്ധിയായ സംശയനിവാരണത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ 'അഗ്രി ക്ലിനിക്' പ്രദർശന നഗരിയിൽ ഉണ്ടാകും. സന്ദർശകർക്കായി പുഷ്പാലങ്കാരം, വെജിറ്റബിൾ കാർവിങ്, ടെറേറിയം തുടങ്ങിയ വിഷയങ്ങളെ ആധാരമാക്കി സൗജന്യ ശിൽപശാലകളും ഫ്ളവർ ഷോ ഗ്രൗണ്ടിൽ ഒരുക്കിയിട്ടുണ്ട്.

# നിയമസാക്ഷരത സാധാരണക്കാരന്റെ ശാക്തീകരണത്തിന്: ജസ്റ്റിസ് എൻ. നഗരേഷ്

**കൊച്ചി:** സാധാരണക്കാരായ മനുഷ്യരെ ശാക്തീകരിക്കുന്നതിൽ നിയമസാക്ഷരതയ്ക്ക് നിർണ്ണായക പങ്കുണ്ടെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എൻ. നഗരേഷ് പറഞ്ഞു. എറണാകുളം ഗവൺമെന്റ് ലോ കോളേജ് ലീഗൽ എയ്ഡ് ക്ലിനിക്ക്, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ആലുവ താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച നിയമസാക്ഷരതാ സെമിനാറും ഔട്ട്റീച്ച് പ്രോജക്റ്റുകളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇളവൂർ സെന്റ് ആന്റണീസ് ചർച്ച് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാലയുടെ സഹകരണത്തോടെ ചർച്ച് പാരിഷ് ഹാളിൽ നടന്ന ചടങ്ങിൽ എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജി ഹണി എം. വർഗീസ് പ്രഭാഷണം നടത്തി.

നിയമ സേവന അതോറിറ്റി വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ പദ്ധതികളെക്കുറിച്ച് ഡി.എൽ.എസ്.എ സെക്രട്ടറി ആർ.ആർ രജിത വിശദീകരിച്ചു. ആലുവ കുടുംബ കോടതി ജഡ്ജി വി.ജി. അനുപമ, അഡ്വ. ഷൈജു ഇളവൂർ,സെന്റ് ആന്റണീസ് ചർച്ച് വികാരി ഫാ. ജോൺ പൈനുങ്കൽ, ജെബിൻ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

# വി.കെ മിനിമോൾ കൊച്ചി മേയർ; ദീപക് ജോയി ഡെപ്യൂട്ടി മേയർ



**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറായി യുഡിഎഫിലെ വി.കെ മിനമോളും ഡെപ്യൂട്ടി മേയറായി ദീപക് ജോയിയും തിരഞ്ഞെടുക്കപ്പെട്ടു. ഇന്നലെ രാവിലെ 10.30 ന് വരണാധികാരിയായ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നഗരസഭാ കൗൺസിൽ ഹാളിൽ നടന്ന യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്. 28ാം ഡിവിഷൻ കൗൺസിലർ ജഗദംബിക, 33ാം ഡിവിഷൻ കൗൺസിലർ അഡ്വ. മിനിമോൾ വി.കെ, 75ാം ഡിവിഷൻ കൗൺസിലർ അഡ്വ. പ്രിയ പ്രശാന്ത് എന്നിവർ മേയർ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

തുടർന്ന് നടന്ന വോട്ടെടുപ്പിൽ 48 വോട്ടുകൾ നേടിയ അഡ്വ. വി.കെ മിനിമോൾ മേയറായി തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരിയായ ജില്ലാ കളക്ടർ പ്രഖ്യാപിച്ചു. തുടർന്ന് അഡ്വ. വി.കെ മിനിമോൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

ഉച്ചയ്ക്ക് ശേഷം നടന്ന ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിൽ 9ാം ഡിവിഷൻ കൗൺസിലർ ടി. പത്മകുമാരി, 19ാം ഡിവിഷൻ കൗൺസിലർ ദീപക് ജോയ്, 73ാം ഡിവിഷൻ കൗൺസിലർ യേശുദാസ് എന്നിവർ നാമനിർദ്ദേശ തുടർന്ന് നടന്ന വോട്ടെടുപ്പിൽ 48 വോട്ടുകൾ നേടിയ യുഡിഎഫിലെ ദീപക് ജോയ് ഡെപ്യൂട്ടി മേയറായി തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരിയായ ജില്ലാ കളക്ടർ പ്രഖ്യാപിച്ചു. തുടർന്ന് ദീപക് ജോയ് സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

# കൊച്ചിയ്ക്ക് പുതിയ നഗരവികസന നയം തയ്യാറാക്കും

**കൊച്ചി:** കൊച്ചിയ്ക്കായി പുതിയ നഗര വികസന നയം ഉടൻ തയ്യാറാക്കുമെന്ന് കൊച്ചി മേയർ അഡ്വ. വി.കെ മിനിമോൾ പറഞ്ഞു. ഇന്ന് ഇന്ത്യയിൽ തന്നെ ഏറ്റവും വേഗത്തിൽ വളരുന്ന നഗരകേന്ദ്രങ്ങളിൽ ഒന്നാണ് നമ്മുടെ കൊച്ചി. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ നിരവധി പ്രതിസന്ധികൾ ഈ വളർച്ചയുടെ പശ്ചാത്തലത്തിൽ കൊച്ചി നഗരം നേരിടുന്നുണ്ട്. വളരെ ദുർബലമായ ഒരു പരിസ്ഥിതി ലോല പ്രദേശം കൂടിയാണ് കൊച്ചി നഗരം. ഈ പ്രത്യേകതകളെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഒരു വികസന പരിപ്രേഷ്യമായിരിക്കും കൗൺസിൽ മുന്നോട്ട് വെയ്ക്കുക. കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള വെല്ലുവിളികളെ നേരിടുന്നോടൊപ്പം കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ നമ്മുടെ നഗരത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികളും പരിപാടികളുമാണ് ഈ കൗൺസിൽ മുന്നോട്ടുവയ്ക്കുക. നമ്മുടെ അതേ ഭൂപ്രകൃതിയും കാലാവസ്ഥ പ്രശ്നങ്ങളും നേരിടുന്ന ലോക നഗരങ്ങളെ മാതൃകയാക്കി കൊണ്ടുള്ള നഗര വികസന നയം, സുസ്ഥിര വികസന പദ്ധതികൾ എന്നിവ നടപ്പാക്കുക എന്നുള്ളതാണ് ഈ കൗൺസിലിന്റെ പ്രഥമ പരിഗണന.

'ലിവബിലിറ്റി' എന്നതാണ് ഇന്നത്തെ ആധുനിക നഗരങ്ങൾ മുന്നോട്ട് വയ്ക്കുന്ന നഗരവികസന സങ്കൽപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻഡക്സിലും ലിവബിലിറ്റി ഇൻഡക്സിലും കൊച്ചിയെ ഇന്ത്യയിലെ ആദ്യ അഞ്ച് നഗരങ്ങളിൽ ഒന്നാക്കി മാറ്റുക എന്നത് പ്രധാന ലക്ഷ്യമാക്കി പ്രവർത്തിക്കും. നമ്മുടെ കൊച്ചിയെ എല്ലാ വിഭാഗം ജനങ്ങൾക്കും സ്വസ്ഥവും സുഗമവും ആയി ജീവിക്കാനുള്ള ഒരു ആധുനിക നഗരമാക്കി വളർത്തിക്കൊണ്ടുവരിക എന്നത് ഈ കൗൺസിലിന്റെ പ്രധാന ലക്ഷ്യമാണ്. കൃത്യമായ ആസൂത്രണത്തിന്റെയും ആധുനിക നഗരവികസന സങ്കൽപ്പങ്ങളുടെ പിന്തുണയും ഉറപ്പാക്കിക്കൊണ്ട് പുതിയൊരു കൊച്ചി നിർമ്മിക്കുക എന്നത് ഈ കൗൺസിൽ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികളിൽ ഒന്നായിരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തിലെ കനാലുകൾ ശാസ്ത്രീയമായി പുനരുജീവിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ശാസ്ത്രീയമായ ഒരു ഡ്രെയിനേജ് മാസ്റ്റർ പ്ലാന്റ് അടിസ്ഥാനത്തിൽ ഒരു 'സ്റ്റോം വാട്ടർ മാനേജ്മെന്റ്' പ്ലാൻ തയ്യാറാക്കി നഗരത്തെ വെള്ളക്കെട്ട് മുക്തമാക്കും. കൃത്യമായ ആസൂത്രണത്തിലൂടെ ഖരമാലിന്യ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഖരമാലിന്യ സംസ്കരണ രംഗത്തും ദ്രവമാലിന്യ സംസ്കരണ രംഗത്തും ആധുനിക രീതിയിലുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കും. ശുചിമുറിമാലിന്യ സംസ്കരണം എന്നത് ഏറ്റവും പരമപ്രധാനമായ വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് ഈ കൗൺസിൽ പ്രവർത്തിക്കും. സീറോ വേസ്റ്റ് കൊച്ചി എന്ന ആശയത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നഗരത്തിൽ നടപ്പിലാക്കും. ഇന്ത്യയിലെ തന്നെ ഏറ്റവും ശുചിത്വമാർന്ന നഗരമായി കൊച്ചിയെ മാറുക എന്നതായിരിക്കും പ്രധാന ലക്ഷ്യം. കൊതുക് നിർമാർജനത്തിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. ഇതിനായി വിദഗ്ധരുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിങ് ആൻഡ് ഇമ്പ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിക്കും. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അടക്കമുള്ള ഏജൻസികളുമായി സഹകരിച്ചുകൊണ്ട് പ്രവർത്തിക്കും. കർക്കശമായ സാമ്പത്തിക മാനേജ്മെന്റ്, ജീവനക്കാരുടെ കാര്യക്ഷമത എന്നീ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകും. പദ്ധതി നടപ്പിനായി എസ്.പി.വി കളുടെ രൂപീകരണം, പി.പി.പി പദ്ധതികളുടെ സഹായത്തോടെയുള്ള പദ്ധതികൾ, സാമ്പത്തിക ആസൂത്രണ രംഗത്ത് നൂതന ആശയങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും.

സ്മാർട്ട് ഗവേണേൻസ്, ഡിജിറ്റൽ ഗവേണേൻസ് എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി പ്രവർത്തിക്കും.ഗതാഗത രംഗത്തിന് പ്രത്യേക പരിഗണന നൽകി പ്രവർത്തിക്കും. നഗര ഗതാഗത രംഗത്ത് പ്രവർത്തിക്കുന്ന കെ.എം.ആർ.എൽ അടക്കമുള്ള മുഴുവൻ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് സമഗ്ര ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണന നൽകും. കൊച്ചിയെ സമ്പൂർണ്ണ സ്മാർട്ട് സിറ്റി നഗരമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. നഗരത്തിലെ പ്രധാനപ്പെട്ട പല സ്ഥലങ്ങളും പൊതുഗതാഗത സംവിധാനത്തിന്റെ ഭാഗമല്ല. മൈക്രോ ലെവൽ ട്രാൻസ്പോർട്ട് പ്ലാനിങ് എന്ന പുതിയ ആശയം നടപ്പിലാക്കും. അർബൻ ഇന്നവേഷൻ സെന്റർ ആരംഭിക്കും. തെരുവുനായ ശല്യവുമായി ബന്ധപ്പെട്ട് എ.ബി.സി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും. ഈ രംഗത്ത് വിദഗ്ധരുടെ സേവനത്തോടുകൂടി പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കും. എല്ലാവർക്കും വീട് എന്ന വലിയ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. ഏറ്റവും ആധുനിക രീതിയിലുള്ള പാർക്കിംഗ് സംവിധാനങ്ങൾ നഗരത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മേയർ അഡ്വ. വി.കെ മിനിമോൾ പറഞ്ഞു

## ഇന്ദിരാഗാന്ധി ആശുപത്രി : 'ഹൃദയപൂർവ്വം' സംഗമം ഇന്ന്

**കൊച്ചി:** ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കഴിഞ്ഞ 20 മാസത്തിനുള്ളിൽ ഹൃദയശസ്ത്രക്രിയകൾക്ക് വിധേയമായി ജീവിതത്തിലേക്ക് മടങ്ങിയെത്തിയവരുടെയും കുടുംബാംഗങ്ങളുടെയും സംഗമം ' ഹൃദയപൂർവ്വം ' ഇന്ന് (ഡിസംബർ 27, ശനി) രാവിലെ 10. 30 ന് എറണാകുളം ഗാന്ധിനഗർ ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ആശുപത്രി പ്രസിഡന്റ് എം. ഒ ജോൺ അധ്യക്ഷത വഹിക്കും. ജെബി മേത്തർ എം.പി, ബീമാ ജ്യുവൽസ് ചെയർമാൻ ബിന്ദു മാധവ്, മൻസൂർ ഫുഡ് മാനേജിംഗ് ഡയറക്ടർ എ. കെ മൻസൂർ, കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ തുടങ്ങിയവർ പങ്കെടുക്കും.

## ആരോഗ്യം ആനന്ദം വൈബ് 4 വെൽനെസ്സ് ക്യാമ്പയിൻ

**കൊച്ചി:** പുതുവർഷത്തിൽ നല്ല ആരോഗ്യത്തിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ആരോഗ്യം ആനന്ദം വൈബ് 4 വെൽനെസ്സ് ക്യാമ്പയിന്റെ പ്രചരണപരിപാടികൾക്ക് ഡിസംബർ 29ന് ജില്ലയിൽ തുടക്കമാവും. ഇടുക്കി, എറണാകുളം ജില്ലകൾ സംയുക്തമായാണ് പ്രചരണപരിപാടികൾ സംഘടിപ്പിക്കുക. രാവിലെ 8.30 മണിക്ക് കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിന്നും പൊതു പരിപാടി നടക്കുന്ന മാർ ബസേലിയേഴ്സ് കോളേജിലേക്ക് സൈക്കിൾ റാലി സംഘടിപ്പിക്കും. തുടർന്ന് നെല്ലിമറ്റം മാർ ബസേലിയേഴ്സ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസിൽ വെച്ച് നടക്കുന്ന പൊതുസമ്മേളനം ആന്റണി ജോൺ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ വോളിബോൾ ടീം മുൻ ക്യാപ്റ്റൻ ടോം ജോസഫ് മുഖ്യ അതിഥിയായിരിക്കും.

ആരോഗ്യ സൂചകങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് ആരോഗ്യ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾക്ക് വെല്ലുവിളിയാണ്. ഈ വെല്ലുവിളികൾ നേരിടാൻ ആരോഗ്യ പ്രവർത്തകരോടൊപ്പം പൊതുജന പങ്കാളിത്തം കൂടി ഉണ്ടാകേണ്ടതാണ്. ആരോഗ്യകരമായ ഭക്ഷണം, പ്രായാനുസൃത വ്യായാമം, കൃത്യമായ ഉറക്കം, ആരോഗ്യ പരിപാലനം എന്നീ ഘടകങ്ങളിൽ ഊന്നിയുള്ള ആരോഗ്യകരമായ ജീവിതശൈലി പിന്തുടരുന്നതിന് യുവജനങ്ങളും കുട്ടികളും ഉൾപ്പെടെ എല്ലാവർക്കും പ്രചോദനം നൽകുക എന്നതാണ് വൈബ് 4 വെൽനസ്സ് ക്യാമ്പയിൻ ലക്ഷ്യം വയ്ക്കുന്നത്.

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, യുവാക്കൾ, മുതിർന്നവർ തുടങ്ങി വിവിധ വിഭാഗം ജനങ്ങളെയും ഫുഡ് വ്ളോഗർമാർ, ഭക്ഷ്യ ഉൽപ്പന്ന നിർമ്മാണ വിതരണക്കാർ, ഹോട്ടലുകൾ, ഫിറ്റ്നസ് ക്ലബ്ബുകൾ എന്നിവരെയും ലക്ഷ്യമിട്ട് വിവിധ ബോധവൽക്കരണ പരിപാടികൾ ഇതിനോടനുബന്ധിച്ച് ജില്ലയിൽ നടത്തും. പുതുവർഷ ദിനത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രധാന ആശുപത്രികൾ എന്നിവിടങ്ങളിൽ പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കും. ജനകീയ ആരോഗ്യകേന്ദ്രങ്ങളിലും ജനങ്ങളെ പങ്കെടുപ്പിച്ച് വ്യായാമ പരിശീലനം, ബോധവത്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കും.

## ഇസിജി ടെക്നിഷ്യൻ താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രി വികസന സമിതിയുടെ കീഴിൽ ജനറൽ മെഡിസിൻ വിഭാഗത്തിലേക്ക് ഇ.സി.ജി ടെക്നിഷ്യൻ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത കാർഡിയോ വാസ്കുലർ ടെക്നോളജിയിൽ ഡിപ്ലോമ/ കാർഡിയോ വാസ്കുലർ ടെക്നോളജിയിൽ ബാച്ചിലർ/ ഇസിജി ടെക്നീഷ്യൻ തസ്തികയിൽ പരിചയസമ്പത്തുള്ള വി.എച്ച്.എസ്.ഇ കോഴ്സ്. പ്രായപരിധി 35 വയസ് വരെ. താൽപര്യമുള്ളവർ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം ജനുവരി മൂന്നിന് രാവിലെ 10.30 ന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ സി.സി.എം ഹാളിൽ കൂടികാഴ്ചക്ക് നേരിട്ട് ഹാജരാകണം.

## കരാർ നിയമനം

**കൊച്ചി:** ആരോഗ്യ വകുപ്പ് ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ കേരളയിൽ നടക്കുന്ന ഐ.സി.എം.ആർ പ്രോജക്റ്റിലേക്ക് പ്രോജക്റ്റ് റിസർച്ച് സൈന്റ്റിസ്റ്റ് 3 (മെഡിക്കൽ), പ്രോജക്റ്റ് റിസർച്ച് സൈന്റ്റിസ്റ്റ് 2 (നോൺ മെഡിക്കൽ), പ്രോജക്റ്റ് ടെക്നിക്കൽ സപ്പോർട്ട് 3 എന്നി തസ്ഥികയിലേക്ക് കരാർ നിയമനം നടത്തുന്നു. അപേക്ഷകൾ ജനുവരി 04 വൈകീട്ട് 5.00 ന് മുമ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് sshrc.keral-a.gov.in വൈബ് സൈറ്റ് സന്ദർശിക്കുക.

# അന്താരാഷ്ട്ര കരകൗശലമേളയ്ക്ക് വർണ്ണോജ്ജ്വല തുടക്കം




**കൊച്ചി:** ആഭ്യന്തരസഞ്ചാരികളുടെ കാര്യത്തിൽ ഓരോ വർഷവും കേരളം റെക്കോർഡ് ഇടുകയാണെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ഇരിങ്ങലിലുള്ള സർഗാലയ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ അന്താരാഷ്ട്ര കരകൗശലമേളയുടെ പതിമൂന്നാമത് എഡിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് അഞ്ചു വർഷം മുമ്പു വന്ന ആഭ്യന്തരസഞ്ചാരികളെക്കാൾ 36 ശതമാനത്തിലധികം ആഭ്യന്തരസഞ്ചാരികൾ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ എത്തി. കോവിഡിനു മുമ്പുള്ള കാലത്തേക്കാളും നാം ഏറെ മുന്നോട്ടു പോയെന്നും അതാണ് ഈ രംഗത്തു നാം കൈവരിച്ച മാറ്റമെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കരകൗശലമേളയായി സർഗാലയ മേള മാറിക്കഴിഞ്ഞതായി മന്ത്രി അഭിപ്രായപ്പെട്ടു.

നമ്മുടെ സമ്പന്നമായ കലാനുഭവങ്ങളുടെ നേർക്കാഴ്ചയായ ഈ മേള അതുകൊണ്ടുതന്നെ ഒരു ടൂറിസം വേദികൂടിയാണ്. വിദേശസഞ്ചാരികളെ ഉൾപ്പെടെ കേരളത്തിലേക്ക് ആകർഷിക്കാനും അവർക്ക് വൈദഗ്ധ്യം പകർന്നു നൽകാനും കഴിയുന്ന വേദിയായും ഇതു മാറുകയാണ്. വിവിധ രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും നിന്ന് ഇരുന്നൂറിലധികം കലാകാരൻമാർ വൈവിദ്ധ്യമാർന്ന കരകൗശലോത്പന്നങ്ങളുമായി മേളയിൽ പങ്കെടുക്കുന്നു. പരമ്പരാഗത കഴിവുകളും പൈതൃകവും സംരക്ഷിക്കുകയും പരിശീലനത്തിലൂടെയും വിൽപ്പനയിലൂടെയും അവയെ സജീവമായി നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഇത്തരം മേളകൾ മുന്നോട്ടുവെക്കുന്നത്. അതോടൊപ്പം കരകൗശല കലാകാരൻമാർക്കു വരുമാനം, തൊഴിലവസരം എന്നിവ ഉറപ്പാക്കുകയും പ്രാദേശിക ജനതയെ ടൂറിസത്തിലേക്ക് ആകർഷിക്കുകയും ചെയ്യാൻ ഇതു സഹായകരമാകും.

കേരളത്തിലെ ടൂറിസം മേഖല വലിയ മുന്നേറ്റത്തിലേക്കു നീങ്ങുകയാണ്. 2026ൽ ലോകത്തു കണ്ടിരിക്കേണ്ട 26 ഡെസ്റ്റിനേഷനുകളിൽ ഇന്ത്യയിൽനിന്നുള്ള ഏക ഡെസ്റ്റിനേഷനായി കഴിഞ്ഞ ദിവസം റഫ് ഗൈഡ്സ് എന്ന ട്രാവൽ കമ്പനി കേരളത്തെ അടയാളപ്പെടുത്തി. ട്രാവൽ ലിഷർ മാഗസിൻ വായനക്കാരിൽ നടത്തിയ അഭിപ്രായവോട്ടെടുപ്പിൽ ഏറ്റവും മികച്ച വെൽനെസ് ഡെസ്റ്റിനേഷനായി കേരളത്തെ രണ്ടാഴ്ച മുമ്പു തെരഞ്ഞെടുത്തു. നേരത്തെ ന്യൂയോർക്ക് ടൈംസ്, ടൈം മാഗസിൻ ഇവരെല്ലാം കേരളത്തെ ലോകടൂറിസം മാപ്പിൽ കൃത്യമായി അടയാളപ്പെടുത്തി. ഇങ്ങനെ ഓരോ മേഖലയിലും അന്താരാഷ്ട്രതലത്തിൽ കേരളത്തെ സഞ്ചാരികൾ അടയാളപ്പെടുത്തിത്തുടങ്ങിയതാണു കേരളം ഉണ്ടാക്കിയ മുന്നേറ്റം. നൂതന ഡിജിറ്റൽ മാർക്കറ്റിങ്ങിലെ ലോക അംഗീകാരവും കേരള ടൂറിസത്തിനു ലഭിച്ചത് ഈ മേഖലയിൽ സർക്കാർ നയം ശരിയായിരുന്നു എന്നതിന്റെ തെളിവാണെന്നും അതു കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകുമെന്നും മന്ത്രി പറഞ്ഞു. ആപത്തായി വളരുന്ന മയക്കുമരുന്നുകൾക്കു പകരം സന്തോഷവും വിനോദവും പകരാൻ കലകൾക്കു കഴിയുമെന്നും ഇത്തരം മേളകൾക്കു യുവാക്കളെ ആകർഷിക്കാൻ കഴിയുമെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഷാഫി പറമ്പിൽ എം.പി അഭിപ്രായപ്പെട്ടു.

നബാർഡ് കേരള ചീഫ് ജനറൽ മാനേജർ നാഗേഷ് കുമാർ അനുമല 'നബാർഡ് ക്രാഫ്റ്റ്സ് സോൺ' ഉദ്ഘാടനം ചെയ്തു. പയ്യോളി മുനിസിപ്പൽ കൗൺസിലർ പി. കെ. സാബിറ, ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ ഡി. ഗിരീഷ് കുമാർ, നബാർഡ് കോഴിക്കോട് ഡെവലപ്മെന്റ് മാനേജർ വി. രാകേഷ്, നിഫ്റ്റ് കണ്ണൂർ ഡയറക്ടർ അഖിൽ കുമാർ കുൽശ്രേഷ്ഠ, ഐസിസിഎൻ ജനറൽ സെക്രട്ടറി ഡോ. വി. ജയരാജൻ, മലബാർ ടൂറിസം കൗൺസിൽ വൈസ് പ്രസിഡൻറ് ആരിഫ് അത്തിക്കോട്, കെ. ടി. വിനോദൻ, കെ. ശശിധരൻ, ബഷീർ മേലടി, സി. പി. രവീന്ദ്രൻ, കെ. കെ. കണ്ണൻ ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ രമേശൻ പാലേരി,സർഗാലയ സീനിയർ ജനറൽ മാനേജർ ടി. കെ. രാജേഷ് തുടങ്ങിയവർ സംസാരിച്ചു.

## ലയൺസ് ജില്ലാ ഗവർണർ ഷൈൻകുമാറിന് അന്താരാഷ്ട്ര പുരസ്കാരം




**കൊച്ചി:** അംഗസംഖ്യ വർധനയിൽ മികച്ച നേട്ടം കൈവരിച്ചതിന് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 സി ജില്ലാ ഗവർണർ ലൈയൺ കെ.ബി. ഷൈൻകുമാർ പി.എം.ജെ.എഫിന് അന്താരാഷ്ട്ര അംഗീകാരം. ലയൺസ് ഇന്റർനാഷണൽ സംഘടിപ്പിച്ച വേദിയിൽ, അംഗത്വ വർധനയും പുതിയ ക്ലബ്ബുകളുടെ രൂപീകരണവും ലക്ഷ്യമിട്ട മികച്ച പ്രവർത്തനങ്ങൾക്കാണ് അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചത്. 'മിഷൻ 1.5' പദ്ധതിയുടെ ഭാഗമായി ഡിസ്ട്രിക്ട് 318 സി കൈവരിച്ച ശ്രദ്ധേയമായ അംഗത്വ വളർച്ചയാണ് ഈ അംഗീകാരത്തിന് വഴിവെച്ചത്. പുതിയ ക്ലബ്ബുകളുടെ രൂപീകരണത്തിലൂടെയും യുവജനങ്ങളെയും വനിതകളെയും ഉൾപ്പെടുത്തി നടത്തിയ സജീവ പ്രവർത്തനങ്ങളിലൂടെയും ജില്ല ദേശീയ തലത്തിൽ തന്നെ മുൻനിരയിലെത്തി. അന്താരാഷ്ട്ര ലയൺസ് നേതാക്കളുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ, ടീം അംഗങ്ങളായ നജീബ്, കുര്യൻ ആന്റണി എന്നിവരുപ്പം ലൈയൺ കെ.ബി. ഷൈൻകുമാർ ഇന്റർനാഷണൽ പ്രസിഡന്റ് എ.പി സിംങിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. അംഗത്വ വികസനം ലയൺസ് സേവനങ്ങളുടെ ശക്തിയാണെന്ന് അദ്ദേഹം പറഞ്ഞു. 'കൂടുതൽ അംഗങ്ങൾ കൂടുതൽ സേവനം' എന്നതാണ് ഡിസ്ട്രിക്ടിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നേട്ടം കൈവരിച്ച് വർമ്മാ ഹോംസ്

**കൊച്ചി:** ക്രെഡായ് നാഷണൽ റിയൽ എസ്റ്റേറ്റ് എക്സലൻസ് അവാർഡിന്റെ ഒന്നാം പതിപ്പിൽ എമർജിംഗ് ഡവലപ്പർ വിഭാഗത്തിൽ വർമ്മാ ഹോംസ് റണ്ണർ അപ്പ് സ്ഥാനം കരസ്ഥമാക്കി. രാജ്യത്തെ 500 ഡവലപ്പർമാരുടെ 800 ൽ ഏറെ പദ്ധതികളാണ് മത്സരത്തിന്റെ ആദ്യഘട്ടത്തിൽ മാറ്റുരച്ചത്. റിയൽ എസ്റ്റേറ്റ് രംഗത്ത് വർമ്മാ ഹോംസ് പാലിക്കുന്ന ഗുണനിലവാരം, രൂപകല്പനാ മികവ്, കാര്യക്ഷമത എന്നിവ വിലയിരുത്തിയാണ് ഈ അവാർഡെന്ന് വർമ്മാ ഹോംസ് മാനേജിങ് ഡയറക്ടർ കെ. അനിൽ വർമ്മ അഭിപ്രായപ്പെട്ടു. ദേശീയ തലത്തിലുള്ള ഈ അവാർഡ് നേട്ടം വർമ്മാ ഹോംസിന് മാത്രമല്ല, ക്രെഡായിയുടെ കേരളാ ചാപ്റ്ററിനുതന്നെ അഭിമാനകരമാണ്. ഈ അവാർഡ് കേരളത്തിലെ റിയൽ എസ്റ്റേറ്റ് ഡവലപ്പർമാർ രാജ്യാന്തരതലത്തിലുള്ള റിയൽ എസ്റ്റേറ്റ് വികസനം കൊിവരാൻ പ്രാപ്തരാണെന്ന് കാണിക്കുക മാത്രമല്ല, വരും തലമുറയ്ക്ക് പ്രചോദനം നൽകുമെന്ന് ക്രെഡായ് കേരള സ്റ്റേറ്റ് ചെയർമാൻ അഭിപ്രായപ്പെട്ടു.

## സെക്യൂർ ലീഡേഴ്സ് ഇൻഡക്സ് ഫണ്ടുമായി ഐസിഐസിഐ പ്രു

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ഇന്ത്യൻ സമ്പദ്ഘടനയിലെ ഇരുപതു മുഖ്യ വിഭാഗങ്ങളിലുള്ള മുൻനിര കമ്പനികളിൽ നിക്ഷേപിക്കുന്ന ഐസിഐസിഐ പ്രു സെക്യൂർ ലീഡേഴ്സ് ഇൻഡക്സ് ഫ് അവതരിപ്പിച്ചു. യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ വിഭാഗത്തിൽപ്പെടുന്ന ഈ പദ്ധതിയിലൂടെ നിക്ഷേപകർക്ക് ദീർഘകാലത്തിൽ സമ്പത്ത് സൃഷ്ടിക്കാനുള്ള അവസരമാണ് കമ്പനി ലഭ്യമാക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ പറഞ്ഞു.

വ്യക്തിഗത ഓഹരികൾ തെരഞ്ഞെടുക്കാതെ തന്നെ വിപണിയിലെ മുൻനിര കമ്പനികളുടെ നേട്ടങ്ങളിൽ പങ്കാളികളാകാൻ ഇത് നിക്ഷേപകർക്ക് അവസരം നൽകും. പദ്ധതിയുടെ നിക്ഷേപത്തിന്റെ 95 മുതൽ 100 ശതമാനം വരെ ആസ്തികൾ ഓഹരികളിലാവും വകയിരുത്തുക. അഞ്ചു ശതമാനം വരെ ഡെറ്റ്, മണി മാർക്കറ്റ് പദ്ധതികളിലും നിക്ഷേപിക്കും. ആയിരം രൂപയാണ് കുറഞ്ഞ നിക്ഷേപം. ഇന്ത്യയിലെ ദീർഘകാല വളർച്ച സാധ്യതകളെ പ്രയോജനപ്പെടുത്തി ലളിതവും ഫലപ്രദവുമായ രീതിയിൽ സമ്പത്ത് വളർത്തിയെടുക്കാനുള്ള അവസരമാണ് ഐസിഐസിഐ പ്രുഡെൻഷ്യൽ സെക്യൂർ ലീഡേഴ്സ് ഇൻഡക്സ് ഫ് ലഭ്യമാക്കുന്നതെന്നും മനീഷ് കുമാർ പറഞ്ഞു.

## രാജ്യവ്യാപക സർവീസ് കാമ്പയിനുമായി ടിവിഎസ്

**കൊച്ചി:** ഇരുചക്രമുച്ചക്ര വാഹന നിർമാണ രംഗത്തെ പ്രമുഖരായ ടിവിഎസ് മോട്ടോർ കമ്പനി രാജ്യവ്യാപകമായി സർവീസ് കാമ്പയിൻ പ്രഖ്യാപിച്ചു. പുതിയ വർഷത്തിൽ വാഹനങ്ങളുടെ ആരോഗ്യത്തിന് മുൻഗണന നൽകാൻ ലക്ഷ്യമിട്ട് 2026 ജനുവരി 5 വരെയാണ് കാമ്പയിൻ നടത്തുന്നത്. പുതിയ വർഷത്തിൽ പുതുമയോടെ യാത്ര തുടങ്ങാം (റിസോൾവ്, റിഫ്രഷ് ആൻഡ് റെയ്ഡ്) എതാണ് പ്രമേയം. ഇന്ത്യയിലുടനീളമുള്ള ടിവിഎസ് മോട്ടോർ കമ്പനിയുടെ അംഗീകൃത സർവീസ് സെന്ററുകൾ കാമ്പയിന്റെ ഭാഗമാവും. കാമ്പയിൻ കാലയളവിൽ സർവീസ് സെന്ററുകൾ സന്ദർശിക്കുന്ന ഉപഭോക്താക്കൾക്ക് എഞ്ചിൻ, ബ്രേക്ക്, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, സസ്പെൻഷൻ എന്നിവയിലുൾപ്പെടെ സമഗ്രമായ വാഹന ആരോഗ്യ പരിശോധനകൾ ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ടിവിഎസ് അപ്പാച്ചെ, ടിവിഎസ് റോണിൻ മോഡലുകൾക്ക് വെഹിക്കിൾ ഹെൽത്ത് റിപ്പോർട്ടുകൾ, വാർഷിക മെയിന്റനൻസ് പ്ലാനുകൾ, അധിക വാറന്റി, റോഡ് സൈഡ് അസിസ്റ്റൻസ് എന്നിവയും ലഭിക്കും. ലേബർ സർവീസുകൾക്കും മറ്റ് മൂല്യാധിഷ്ഠിത സേവനങ്ങൾക്കുമുള്ള ഇളവുകൾ, ഒറിജിനൽ ടിവിഎസ് മോട്ടോർ പാർട്സുകൾ, എഞ്ചിൻ ഓയിൽ എന്നിവയും കാമ്പയിനിലുടനീളം ടിവിഎസ് ഉറപ്പാക്കും. ടിവിഎസ് മോട്ടോർസിന്റെ വെബ്സൈറ്റ്, ക്യൂആർ കോഡ് അല്ലെങ്കിൽ ടിവിഎസ് കണക്ട് വഴി സർവീസ് മുൻകൂർ ബുക്ക് ചെയ്യാം.

## സിംബയോടെക് ഫാർമലാബ് ഐപിഒയ്ക്ക്

**കൊച്ചി:** ഗവേഷണവികസന ശാസ്ത്രാധിഷ്ഠിത ഫാർമസ്യൂട്ടിക്കൽ, ബയോടെക്നോളജി കമ്പനിയായ സിംബയോടെക് ഫാർമലാബ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു. രണ്ട് രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 2,180 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 150 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 2,030 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, അവെൻഡസ് കാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കൊച്ചിയിൽ എക്സ്ക്ലൂസീവ് സ്റ്റോർ തുറന്ന് ഗോദ്റെജ്



**കൊച്ചി:** ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് വിഭാഗം കൊച്ചിയിലെ ഇടപ്പള്ളിയിൽ പുതിയ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിച്ചു. ഇടപ്പള്ളിയിലെ എൻഎച്ച് 66ൽ സൗത്ത് ഇന്ത്യൻ ബാങ്ക് ഓവർസീസ് ബ്രാഞ്ചിന് സമീപം കണയന്നൂർ ജെ വാർഡ് നമ്പർ 46ൽ ഡോർ നമ്പർ 2761ലാണ് ഈ സ്റ്റോർ പ്രവർത്തിക്കുന്നത്. കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നതിനും ഹോം ലോക്കർ, സ്ഥാപന വിഭാഗങ്ങളിലെ നേതൃസ്ഥാനം ഉറപ്പിക്കുന്നതിനുമുള്ള ലക്ഷ്യത്തോടെയാണിത്. സ്വർണ്ണാഭരണ വിനിമയത്തിന്റെയും വ്യാപാരത്തിന്റെയും പ്രധാന കേന്ദ്രമെന്ന നിലയിൽ കൊച്ചി അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾക്കായുള്ള തന്ത്രപരമായ വിപണിയാണ്.

വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമായി വിപുലമായ അത്യാധുനിക സുരക്ഷാ ഉൽപ്പന്നങ്ങൾ ഈ പുതിയ സ്റ്റോറിൽ ലഭ്യമാണ്. എൻഎക്സ് പ്രോ പ്ലസ്, എൻഎക്സ് പ്രോ ലക്സ്, മാട്രിക്സ് എന്നിവയുൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് നേരിട്ടുള്ള ഹോം ലോക്കറുകളുടെ വിപുലമായ ശേഖരം കൊച്ചിയിലെ സ്റ്റോറിലുണ്ടെന്ന് ഗോദ്റെജ് എന്റർ പ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസിന്റെ തലവൻ പുഷ്കർ ഗോക്ലെ പറഞ്ഞു. "മെച്ചപ്പെട്ട സുരക്ഷ, സൂക്ഷിയ്ക്കാനുള്ള കൂടുതൽ സ്ഥലം, മികച്ച ഈടുനിൽപ്പ് എന്നിവ നൽകുന്നതിനായിട്ടാണ് ഈ അത്യാധുനിക ഹോം ലോക്കർ വിവിധ വകഭേദങ്ങളിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാധാരണ അലമാരകളേക്കാൾ 10 മുതൽ 250 മടങ്ങ് വരെ കരുത്തുള്ള തരത്തിലാണ് ഈ ലോക്കറുകൾ നിർമ്മിച്ചിരിക്കുന്നത്. ആധുനിക വീടുകളുടെ മാറിക്കൊണ്ടിരിക്കുന്ന സുരക്ഷാ ആവശ്യങ്ങൾ നിറവേറ്റാൻ ഇവ സഹായിക്കുന്നു. അത്യാധുനിക ഹോം ലോക്കറുകൾക്കും സ്ഥാപനങ്ങൾക്കായുള്ള സുരക്ഷാ സംവിധാനങ്ങൾക്കുമുള്ള വർദ്ധിച്ചുവരുന്ന ആവശ്യകതയുടെ പശ്ചാത്തലത്തിൽ അടുത്ത മൂന്ന് വർഷങ്ങളിൽ 20 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് തങ്ങളുടെ പ്രതീക്ഷ."

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സ്വർണ്ണവില ഗണ്യമായി വർദ്ധിച്ചതോടെ അതുമായി ബന്ധപ്പെട്ട സുരക്ഷാ വെല്ലുവിളികളും വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ സ്വർണ്ണം സുരക്ഷിതമായി സൂക്ഷിക്കുക എന്നത് ജ്വല്ലറികൾക്കും വീട്ടുടമസ്ഥർക്കും ഒരു വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഈ പുതിയ എക്സ്ക്ലൂസീവ് സ്റ്റോറിലൂടെ തങ്ങളുടെ ഹോം, സ്ഥാപനങ്ങൾക്കായുള്ള സുരക്ഷാ ഉൽപ്പന്നങ്ങൾ ഒരിടത്തു ലഭ്യമാക്കുകയാണ്. ഇതുവഴി ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ വാങ്ങിക്കുന്നതിന് മുൻപ് അത്യാധുനിക സുരക്ഷാ മാനദണ്ഡങ്ങൾ, സാങ്കേതികവിദ്യകൾ, അവയുടെ ഉപയോഗം എന്നിവയെക്കുറിച്ച് നന്നായി മനസ്സിലാക്കാൻ കഴിയുമെന്നും പുഷ്കർ ഗോക്ലെ പറഞ്ഞു.

# മികച്ച 50 കമ്പനികളുടെ പട്ടികയിൽ ആക്സിയ ടെക്നോളജീസും



**തിരുവനന്തപുരം:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി(സിഐഐ) പുറത്തുവിട്ട 2025ലെ ഇന്ത്യയിലെ മികച്ച 50 നൂതന കമ്പനികളുടെ പട്ടികയിൽ ഇടംപിടിച്ച് ആക്സിയ ടെക്നോളജീസ്. ഒപ്പം, ആക്സിയ ടെക്നോളജീസിന്റെ ലീല ഏജന്റിക് എഐ പ്ലാറ്റ്ഫോമിന് 12ാമത് സിഐഐ ഇൻഡസ്ട്രിയൽ ഇന്നൊവേഷൻ അവാർഡുകളിൽ എംഎസ്എംഇ വിഭാഗത്തിൽ പുരസ്കാരവും നേടി. സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് വർക്ക്ഫ്ളോകളെ മികവുറ്റതാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന എഐ സിസ്റ്റമാണ് ലീല ഏജന്റിക് എഐ പ്ലാറ്റ്ഫോം. ന്യൂഡൽഹിയിൽ നടന്ന ആഗോള ഉച്ചകോടിയിലായിരുന്നു പുരസ്കാര വിതരണം.

ഡിആർഡിഒ ഡയറക്ടർ ജനറൽ ഡോ. ചന്ദ്രിക കൗശികിൽ നിന്ന് ആക്സിയ ടെക്നോളജീസിന്റെ സ്ഥാപകനും സിഇഒയുമായ ജിജിമോൻ ചന്ദ്രൻ പുരസ്കാരം ഏറ്റുവാങ്ങി. ഇതിനു പുറമേ, 2025ലെ സിഐഐ ഇൻഡസ്ട്രി അക്കാദമിയ പാർട്ണർഷിപ്പ് അവാർഡും (ഡയമണ്ട് വിഭാഗം) വാഹനഗതാഗത സോഫ്റ്റ്‌വെയറുകളുടെ ആഗോള ദാതാവായ ആക്സിയ ടെക്നോളജീസിന് ലഭിച്ചു. തുടർച്ചയായ രണ്ടാം വർഷമാണ് ഈ ബഹുമതി ആക്സിയയ്ക്ക് ലഭിക്കുന്നത്.

വ്യവസായവും അക്കാദമിക മേഖലയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന് നിർണായക പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളെയാണ് ഈ പുരസ്കാരം അംഗീകരിക്കുന്നത്. നൂതനാശയങ്ങൾക്കും എഞ്ചിനീയറിംഗ് മികവിനും വേണ്ടിയുള്ള ആക്സിയയുടെ പരിശ്രമത്തിന്റെ തെളിവാണ് അവാർഡെന്ന് ജിജിമോൻ ചന്ദ്രൻ പറഞ്ഞു.

# വാട്ടർടെക് പുതിയ സി.പി ഫിറ്റിംഗ്സ് ആന്റ് സാനിറ്ററിവെയർ അവതരിപ്പിച്ചു



**കൊച്ചി:** വാട്ടർടെക് ഇന്ത്യ, പൂർണമായും പുനർരൂപകൽപ്പന ചെയ്ത സി.പി ഫിറ്റിംഗ്സ്, സാനിറ്ററിവെയർ ഡിവിഷൻ ഔദ്യോഗികമായി അവതരിപ്പിച്ചു. ഫോസറ്റുകൾ, സാനിറ്ററിവെയർ, ഷവർ സിസ്റ്റങ്ങൾ, വാനിറ്റികൾ, ആക്സസറികൾ എന്നിവ ഉൾപ്പെടെ 500ലധികം പുതുതായി വികസിപ്പിച്ച ഉൽപ്പന്നങ്ങളാണ് പുതിയ പോർട്ട്ഫോളിയിലുള്ളത്. ഡിസൈനും പ്രകടനമികവും ഒരുമിപ്പിക്കുന്ന ഈ പോർട്ട്ഫോളിയോ സമ്പൂർണ്ണ ബാത്ത്റൂം സൊല്യൂഷൻസ് ബ്രാൻഡായി വളരാനുള്ള വാട്ടർടെക്കിന്റെ ദൗത്യത്തിലെ നിർണായക ഘട്ടമാണെന്ന് വാട്ടർടെക് ഇന്ത്യ എക്സിക്യൂട്ടീവ് ചെയർമാൻ മാത്യു ജോബ് പറഞ്ഞു. ആധുനിക ഇന്ത്യൻ വീടുകളുടെ ആവശ്യങ്ങൾ മുൻനിർത്തി രൂപകൽപ്പന ചെയ്ത ഈ ശ്രേണി, ആകർഷകമായ ഡിസൈൻ, ജലക്ഷമത, ദീർഘകാല ദൃഢത എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. പുതിയ ഉൽപ്പന്നങ്ങൾ രാജ്യവ്യാപകമായ ഡീലർ നെറ്റ്‌വർക്കിലൂടെ ഘട്ടം ഘട്ടമായി വിപണിയിലെത്തിക്കും

# ശ്രീ ജഗദംബ പേൾസ് കൊച്ചിയിൽ സ്റ്റോർ തുറന്നു

**കൊച്ചി:** രാജ്യത്തെ പ്രമുഖ മുത്ത് ആഭരണ ബ്രാൻഡായ ശ്രീ ജഗദംബ പേൾസ് കൊച്ചിയിൽ പുതിയ സ്റ്റോർ തുറന്നു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിലാണ് പുതിയ സ്റ്റോർ. ഹൈദരാബാദിലും ബംഗളൂരുവിലുമായി ആറ് സ്റ്റോറുകളുള്ള ശ്രീ ജഗദംബ പേൾസ്, മുത്തുകളിലും ലാബിൽ രൂപകൽപ്പന ചെയ്ത വജ്രങ്ങളിലുമായി ദൈനംദിന ആഭരണങ്ങൾ, സ്ത്രീകൾക്കുള്ള വിവാഹാഭരണങ്ങൾ, സ്റ്റേറ്റ്മെന്റ് പീസുകൾ, പ്രീമിയം സമ്മാനങ്ങൾ എന്നിവ ഉൾപ്പെടെ 2,000ത്തിലധികം ഡിസൈനുകളാണ് വാഗ്ദാനം ചെയ്യുന്നതെന്ന് ശ്രീ ജഗദംബ പേൾസ് മാനേജിംഗ് പാർട്ണർ അവനീഷ് അഗർവാൾ പറഞ്ഞു. ആധികാരികവും സർട്ടിഫൈഡ് ആയതുമായ പ്രീമിയം മുത്ത് ആഭരണങ്ങൾക്കുള്ള മികച്ച വിപണിയെന്ന നിലയിലാണ് കൊച്ചിയിൽ പുതിയ സ്റ്റോർ ആരംഭിച്ചതെന്നും അടുത്ത 23 വർഷത്തിനുള്ളിൽ ഇന്ത്യയിലുടനീളം 20 മുതൽ 25 സ്റ്റോറുകൾ വരെ ലക്ഷ്യമിടുന്നതായും അവനീഷ് അഗർവാൾ പറഞ്ഞു.

# പുതുവർഷാഘോഷം : കൂടുതൽ സർവ്വീസുകളുമായി കൊച്ചി മെട്രോയും വാട്ടർ മെട്രോയും

**കൊച്ചി:** വർഷാവസാനത്തെ തിരക്ക് കണക്കിലെടുത്ത് കൊച്ചി മെട്രോ, വാട്ടർ മെട്രോ സർവീസുകൾ ദീർഘിപ്പിക്കുന്നു.

ഡിസംബർ 26 മുതൽ ജനുവരി 3 വരെ ഇടപ്പള്ളി സ്റ്റേഷനിൽ നിന്നും ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും ട്രെയിനുകൾ രാത്രി 11:00 മണി വരെ സർവീസ് നടത്തും. ന്യൂ ഇയർ (ഡിസംബർ 31) പ്രമാണിച്ച് പുലർച്ചെ 1.30 വരെ 20 മിനിട്ട് ഇടവിട്ട് സർവ്വീസ് ഉണ്ടാകും. ആലുവ, തൃപ്പൂണിത്തുറ ടെർമിനലുകളിൽ നിന്നുള്ള അവസാന ട്രെയിനുകൾ പുലർച്ചെ 1:30ന് പുറപ്പെടും. ഇടപ്പള്ളി സ്റ്റേഷനിൽ നിന്നുള്ള അവസാന ട്രെയിൻ പുലർച്ചെ 2 മണി വരെ ലഭ്യമാകും. ഡിസംബർ 31 ന് രാത്രിയുള്ള കൊച്ചി വാട്ടർ മെട്രോ സർവീസ് ഇടവേളയ്ക്ക് ശേഷം ഹൈക്കോർട്ട് മട്ടാഞ്ചേരി റൂട്ടിലും ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിലും ജനുവരി ഒന്നിന് പുലർച്ചെ 12 മുതൽ നാലു മണിവരെ ഉാകും

# രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരം സമ്മാനിച്ചു

**ന്യൂഡൽഹി:** രാഷ്ട്രപതി ഭവനിലെ ഗണതന്ത്ര മണ്ഡപത്തിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രീയ വിജ്ഞാൻ പുരസ്കാർ 2025 സമ്മാനിച്ചു. രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരത്തിന്റെ രണ്ടാം പതിപ്പിൽ, വിജ്ഞാൻ രത്ന, വിജ്ഞാന ശ്രീ, വിജ്ഞാന യുവ, വിജ്ഞാന സംഘം എന്നീ നാല് വിഭാഗങ്ങളിലായി പ്രമുഖരായ 24 ശാസ്ത്രജ്ഞർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ശാസ്ത്രം, സാങ്കേതികവിദ്യ, സാങ്കേതികവിദ്യ അധിഷ്ഠിത നൂതനാശയം തുടങ്ങിയ വിവിധ മേഖലകളിൽ വ്യക്തിഗതമായോ സംഘമായോ ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, നൂതനാശയ വിദഗ്ധർ എന്നിവർ നൽകിയ ശ്രദ്ധേയവും പ്രചോദനാത്മകവുമായ സംഭാവനകളെ അംഗീകരിക്കുക എന്നതാണ് രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരത്തിന്റെ ലക്ഷ്യം.

# കൊച്ചി ബിനാലെയിൽ ശ്രദ്ധേയമാകുന്ന 'ടോപ്പോഗ്രാഫി'



**കൊച്ചി:** വെറുമൊരു ക്യാൻവാസിൽ ഒതുങ്ങിനിൽക്കുന്നതല്ല മീനു ജെയിംസിന്റെ ചിത്രങ്ങൾ; അവ കൈക്കുള്ളിൽ ഒതുക്കിപ്പിടിക്കാവുന്ന, തൊട്ടുനോക്കാവുന്ന ഓർമ്മകളാണ്. കൊച്ചിമുസിരിസ് ബിനാലെ 2025ൽ ഐലൻഡ് വെയർ ഹൗസിൽ ഒരുക്കിയിരിക്കുന്ന 'ടോപ്പോഗ്രാഫി' എന്ന കലാസൃഷ്ടിയിലൂടെ വരാപ്പുഴയുടെയും പരിസരപ്രദേശങ്ങളുടെയും മാറിക്കൊണ്ടിരിക്കുന്ന മുഖം വരച്ചുചേർക്കുകയാണ് കൂനമ്മാവ് സ്വദേശിയായ ഈ യുവകലാകാരി. ചെറുതെങ്കിലും മരക്കഷണങ്ങളുടെ അഞ്ച് വശങ്ങളിലുമാണ് മീനു ചിത്രങ്ങൾ വരച്ചിരിക്കുന്നത്. ഓർമ്മകളുടെ ത്രിമാന രൂപങ്ങൾ പോലെ ഇത് നമ്മുടെ മനസിൽ തങ്ങിനിൽക്കും. മരത്തിലും ഗ്ലാസിലും അക്രിലിക് പെയിന്റ് ഉപയോഗിച്ചാണ് രചന. പരമ്പരാഗത ചിത്രരചനയുടെ രീതികളെ ഉടച്ചുവാർക്കുന്നതാണ് ഈ ശൈലി.

തൊണ്ണൂറികളിൽ ജനിച്ചവർക്ക് പോലും ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകളെ തൊട്ടുണർത്തുന്നതാണ് ഈ കലാസൃഷ്ടി. വരാപ്പുഴയുടെ പ്രാന്തപ്രദേശങ്ങളിൽ ജനിച്ചുവളർന്ന മീനു, തന്റെ നാടിനുായ മാറ്റങ്ങളെയാണ് ഇതിലൂടെ അടയാളപ്പെടുത്തുന്നത്. 1990–2000 കാലഘട്ടത്തിലെ ചെന്നംപള്ളി, കോട്ടുവള്ളി ഗ്രാമങ്ങളുടെ ഭൂപ്രകൃതിയും സാമൂഹിക ജീവിതവുമാണ് ഇതിലെ പ്രമേയം. തകരുന്ന മത്സ്യബന്ധന മേഖലയും, റിയൽ എസ്റ്റേറ്റ് ലോബിയുടെ കടന്നുകയറ്റം മൂലം കുടിയൊഴിഞ്ഞു പോകേണ്ടി വരുന്ന പരമ്പരാഗത സമൂഹങ്ങളുടെ വേദനയും ഈ ചിത്രങ്ങൾക്ക് പിന്നിലുണ്ട്. അത് സ്വന്തം അനുഭവം തന്നെയാണെന്ന് മീനു പറഞ്ഞു. ലോബികളുടെ കടന്നു കയറ്റം സ്വന്തം ഭൂമിയെ പോലും അപരിചിതമാക്കുന്ന ഭയാനകമായ അവസ്ഥയാണുള്ളത്.

അത് വരാപ്പുഴയുടെ മാത്രം കാര്യമല്ല, എറണാകുളത്തെ പല സ്ഥലങ്ങളുടെയും തനത് സ്വഭാവം എന്നോ കൈമോശം വന്നുവെന്ന് മീനു ചൂണ്ടിക്കാട്ടി. പഴയ കൊച്ചി രാജ്യത്ത് കണ്ടു വരുന്ന, എന്നാൽ ഇന്ന് തുലോം വിരളമായ വീടുകളുടെ ഡിസൈൻ മനോഹരമായാണ് മീനു പകർത്തിയിരിക്കുന്നത്. ഓർമ്മകളെ കയ്യിൽ കൊണ്ടു നടക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് ചെറുപ്രതലം തെരഞ്ഞെടുത്തത് എന്തിനെന്ന ചോദ്യത്തിന് അവർ മറുപടി നൽകി. കാഴ്ചകളുടെ വർണ്ണങ്ങൾ നദി, വെള്ളം, മണ്ണ്, ആകാശം എന്നിവയുടെ കടുംനിറങ്ങൾ മീനുവിന്റെ ചിത്രങ്ങളിൽ കാണാം. പകൽവെളിച്ചത്തിന്റെയും സന്ധ്യയുടെയും മാറ്റങ്ങൾ, ചെറിയ വള്ളങ്ങൾ, ചീനവലകൾ, പഴയ സ്കൂളുകൾ എന്നിവയെല്ലാം മരക്കഷ്ണങ്ങളിൽ തെളിയുന്നു.

നോട്ടുബുക്കും പ്രദർശനത്തിൽ ചിത്രങ്ങൾക്കൊപ്പം മീനുവിന്റെ വർക്കിംഗ് നോട്ട്ബുക്കിന്റെ പകർപ്പും പ്രദർശനത്തിലുണ്ട്. കലാകാരിയുടെ നിരീക്ഷണങ്ങളും ഓർമ്മകളും എങ്ങനെയാണ് ചിത്രങ്ങളായി മാറുന്നതെന്ന് മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. വ്യക്തിപരമായ ഓർമ്മകളും ഗൃഹാതുരത്വവും യാഥാർത്ഥ്യങ്ങളും ചേരുമ്പോൾ അത് ഒരു നാടിന്റെ തന്നെ ഭൂപടമായി മാറുന്നുവെന്ന് ഈ പ്രദർശനം തെളിയിക്കുന്നു

# മേത്തർ ബസാറിലെ സുരക്ഷാവീഴ്ച: 12 സ്ഥാപനങ്ങൾക്കെതിരെ അടിയന്തര നടപടിക്ക് നിർദേശം




**കൊച്ചി:** കൊച്ചി നഗരത്തിലെ പ്രമുഖ വ്യാപാര കേന്ദ്രമായ മേത്തർ ബസാറിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ 12 വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി. ഫയർ ആന്റ് റെസ്ക്യൂ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ സുരക്ഷാ സർട്ടിഫിക്കറ്റ് ലഭിക്കുന്നത് വരെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കൊച്ചിൻ കോർപ്പറേഷന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകി. സ്ഥലത്ത് ഡിസംബർ 17, 20 തീയതികളിൽ വിവിധ വകുപ്പുകൾ സംയുക്തമായി നടത്തിയ പരിശോധനയിൽ സുരക്ഷാ വീഴ്ച കണ്ടെത്തിയിരുന്നു.

പല കടകളിലും അഗ്നിശമന സംവിധാനങ്ങൾ ഇല്ലെന്നും, ഷോർട്ട് സർക്യൂട്ട് തടയുന്നതിനുള്ള ഇ.എൽ.സി.ബി സംവിധാനങ്ങൾ പ്രവർത്തനരഹിതമാണെന്നും തീപിടുത്തത്തിന് സാധ്യതയുള്ള വസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു എന്നും പരിശോധനയിൽ വ്യക്തമായി. സബ് കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ ഈ പരിശോധനയ്ക്ക് ശേഷം കുറവുകൾ പരിഹരിക്കാൻ മൂന്ന് ദിവസത്തെ സമയം നൽകിയിരുന്നു. എന്നാൽ ഇത് പാലിക്കാൻ തയ്യാറാകാത്ത കടകൾക്ക് എതിരെയാണ് ഇപ്പോൾ നടപടി വന്നിരിക്കുന്നത്. 2005ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 33 പ്രകാരം എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നടപടി. വീഴ്ച വരുത്തിയ കടകളുടെ ട്രേഡ് ലൈസൻസ് റദ്ദാക്കുന്നത് പരിഗണിക്കാനും കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഇനി ഈ കടകൾക്ക് പ്രവർത്തിക്കാൻ അനുമതി ലഭിക്കൂ. കോർപ്പറേഷൻ അധികൃതരോട് ഇതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ സമർപ്പിക്കാനും ഉത്തരവിൽ നിർദേശിക്കുന്നു.

# പാവക്കുളം ഉത്സവം: കൊടിയേറി



**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ ഉൽസവത്തിന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീപുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരി, ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റുനടന്നു. ജനുവരി രണ്ടുവരെ ദിവസവും രാവിലെ പതിവ് പൂജകൾക്കൊപ്പം എട്ടിന് പാർവ്വതീദേവിക്ക് കലശം ആടൽ, ഉച്ചയ്ക്ക് ഒരു മണിക്ക് പ്രസാദ ഊട്ട് എന്നിവയും ഉണ്ടാകും. ജനുവരി മൂന്നിന് ആറോട്ടോടുകൂടി ഉൽസവം സമാപിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com